**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5591** **24-03-2025 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ ജനങ്ങളുടെ മാനസികാരോഗ്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. സിദ്ദിഖ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ജനങ്ങളുടെ മാനസികാരോഗ്യം സംബന്ധിച്ച് സാമ്പത്തികസർവേയിലെ നിരീക്ഷണം എന്താണെന്ന് വ്യക്തമാക്കുമോ; | (എ) | സാമ്പത്തിക സർവ്വേ 2024-25 പ്രകാരം മാനസിക സുസ്ഥിതിക്കായി ജീവിത ശൈലിയിൽ മാറ്റങ്ങൾ കൊണ്ട് വരേണ്ടതുണ്ടെന്നും, ഇതിന്റെ ഭാഗമായി ജോലി സമ്മർദ്ദം കുറയ്ക്കുക, കുടുംബ ബന്ധങ്ങളിൽ കൂടുതൽ ഊഷ്മളത കൊണ്ട് വരിക, അൾട്രാ പ്രോസെസ്സഡ് ഭക്ഷണങ്ങളുടെ അളവ് കുറയ്ക്കുക, വ്യായാമം തുടങ്ങിയവ ശീലമാക്കേണ്ടതുണ്ടെന്നും റിപ്പോർട്ടിൽ പരാമർശിക്കുന്നു. |
| (ബി) | സംസ്ഥാനത്ത് ജനങ്ങൾക്കിടയിൽ ആത്മഹത്യാ പ്രവണത ഉൾപ്പെടെ മാനസികാരോഗ്യ പ്രശ്നങ്ങൾ വർദ്ധിച്ച് വരുന്ന സാഹചര്യത്തിൽ, മാനസികാരോഗ്യ പരിചരണത്തിന് മുൻഗണന നൽകി കർമ്മപദ്ധതികൾ ആവിഷ്കരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ? | (ബി) | മാനസികരോഗങ്ങൾ പ്രാഥമിക ഘട്ടത്തിൽ തന്നെ കണ്ടെത്തി വിദഗ്ദ്ധ ചികിത്സയും തുടർചികിത്സയും ഉറപ്പ് വരുത്തുന്ന സാമൂഹ്യ മാനസികാരോഗ്യ (കമ്മ്യൂണിറ്റി മെന്റൽ ഹെൽത്ത്) ചികിത്സക്കാണ് സർക്കാർ പ്രാമുഖ്യം കൊടുക്കുന്നത്. ഇതിന്റെ ഭാഗമായി 'സമ്പൂർണ്ണ മാനസികാരോഗ്യം', 'ആശ്വാസം', 'അമ്മ മനസ്സ്'; ജീവരക്ഷ' പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. ഇതിനുപുറമെ 'ടെലി മനസ്സ്' വഴി ടെലി കൗൺസിലിംഗ് ഉൾപ്പടെയുള്ള മാനസികാരോഗ്യ സേവനങ്ങളുടെ സാധ്യതയും പരമാവധി പ്രയോജനപ്പെടുത്തുന്നുണ്ട്.<br><br>ആശമാരുടെ സേവനം ഉപയോഗപ്പെടുത്തി മാനസിക പ്രശ്നങ്ങളും, വൈകല്യങ്ങളും, രോഗങ്ങളും, മദ്യം ഉൾപ്പെടെയുള്ള ലഹരിവസ്തുക്കളുടെ ഉപയോഗം ഉള്ളവരെയും കണ്ടെത്തി തൊട്ടടുത്തുള്ള കുടുംബാരോഗ്യ കേന്ദ്രത്തിൽ (FHC) തന്നെ ചികിത്സയും മറ്റ് സേവനങ്ങളും ലഭ്യമാക്കുന്ന പദ്ധതിയായ 'സമ്പൂർണ മാനസികാരോഗ്യം' പദ്ധതി ഗ്രാമപഞ്ചായത്ത് തലത്തിൽ സംസ്ഥാനമൊട്ടാകെ നടപ്പിലാക്കി വരുന്നു. ഈ പദ്ധതി വഴി രോഗികൾക്ക് അവരുടെ പഞ്ചായത്തിൽ തന്നെ മനോരോഗ തുടർചികിത്സ ഉറപ്പാക്കുന്നു. |

| | | | |
|---|---|---|---|
| | | | കുടുംബാരോഗ്യ കേന്ദ്രങ്ങളിലെ ഹെൽത്ത് വർക്കർമാരും, നഴ്സുമാരും PHQ 9 ചോദ്യാവലി ഉപയോഗിച്ച് വിഷാദരോഗ സാധ്യതയുള്ളവരെ കണ്ടെത്തി ചികിത്സ ലഭ്യമാക്കുന്ന പദ്ധതിയാണ് 'ആശ്വാസം' പദ്ധതി.<br><br>'അമ്മ മനസ്സ്' - മാതൃ മാനസികാരോഗ്യ പരിപാടി മുഖേന ഗർഭിണികളായ സ്ത്രീകൾക്കും, പ്രസവാനന്തരം അമ്മമാർക്കും സ്ക്രീനിംഗിലൂടെ മാനസികാരോഗ്യ പ്രശ്നങ്ങൾ കണ്ടെത്തി ചികിത്സ നൽകി വരുന്നു. ഇതുവഴി ഗർഭിണികളായ സ്ത്രീകളിലും, അമ്മമാരിലും ആത്മഹത്യാനിരക്കും മറ്റ് മാനസികാരോഗ്യ പ്രശ്നങ്ങളും കുറയ്ക്കുവാൻ സാധിക്കുന്നു.<br><br>സംസ്ഥാനത്തെ ആത്മഹത്യാ നിരക്ക് കുറയ്ക്കുവാനായി ആരംഭിച്ച പദ്ധതിയാണ് 'ജീവരക്ഷ' ആത്മഹത്യാ പ്രതിരോധ പദ്ധതി. സമൂഹത്തിൽ ആത്മഹത്യാ പ്രതിരോധത്തിന് ആവശ്യമായ അവബോധം സൃഷ്ടിക്കുക, പരിശീലനം നൽകുക എന്നിവയാണ് ഈ പദ്ധതിയിലൂടെ നടപ്പിലാക്കുന്നത്. കൂടാതെ ആർദ്രം മിഷൻ പദ്ധതിയും നടപ്പിലാക്കി വരുന്നു.<br><br>മാനസിക പ്രശ്നങ്ങൾക്കും വിഷമതകൾക്കും ഇതുമായി ബന്ധപ്പെട്ട സംശയനിവാരണത്തിനും, ടെലി കൗൺസിലിംഗ് ഉൾപ്പെടെയുള്ള മാനസികാരോഗ്യ സേവനങ്ങൾ ലഭ്യമാക്കുവാനും 24 മണിക്കൂറും പ്രവർത്തിക്കുന്ന ഓൺലൈൻ സംവിധാനമാണ് 'ടെലി മനസ്സ്' (14416 എന്ന ടോൾഫ്രീ നമ്പറിൽ 24 മണിക്കൂറും സേവനം ലഭ്യമാണ്). മാനസികാരോഗ്യ പരിപാടി വഴി എല്ലാം ജില്ലകളിലും നേരിട്ടുള്ള സേവനം നൽകുന്നതിനായിട്ടുള്ള സംവിധാനം ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മാനസികാരോഗ്യ പ്രശ്നങ്ങളെക്കുറിച്ചുള്ള മാർഗ്ഗനിർദ്ദേശങ്ങൾ, കൗൺസിലിംഗ്, വിവരസേവനം എന്നിവ നൽകുന്ന ദിശ പദ്ധതിയും നടപ്പിലാക്കി വരുന്നു.<br><br>ലഹരി വസ്തുക്കളുടെ ഉപയോഗവും അനുബന്ധ മാനസിക പ്രശ്നങ്ങളും പരിഹരിക്കുവാനുതകുന്ന പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ